ശ്രീ. ഇ. പി. പൗലോസ് : അരിഷ്ടം ഉണ്ടാക്കുന്നതുകൊണ്ട് ശർക്കരയ്ക്ക് ബുദ്ധിമുട്ടൊന്നും ഉണ്ടായിട്ടില്ല. അരിഷ്ടമുണ്ടാക്കുന്നതിന് ശർക്കര വേണമെന്നറിയാം.

ശ്രീ. മാലേത്തുഗോപിനാഥപിള്ള : പമ്പാറിവർ ഫാക്ടറി, മന്നം ഷുഗർമിൽസ് ഈ രണ്ട് മിൽസിനും, ശർക്കരയ്ക്ക് അമിതമായ വിലകൂടുതലുള്ളതുകൊണ്ട് ആവശ്യമായ കരിമ്പ് ലഭിക്കാത്തതുകൊണ്ട് പഞ്ചസാര ഉൽപ്പാദിപ്പിക്കുവാൻ വിഷമം നേരിടുന്നു. അതുകൊണ്ട് ശർക്കരയ്ക്കും, കരിമ്പിനും നിജപ്പെടുത്തിയ വില നിശ്ചയിക്കാൻ നടപടി എടുക്കുമോ ?

ശ്രീ. ഇ. പി. പൗലോസ് : ഫാക്ടറിക്ക് ആവശ്യമായ കരിമ്പിന് ബുദ്ധിമുട്ടുവന്നാൽ അതേപ്പറ്റി അന്വേഷിക്കാം.

ശ്രീ. കെ. മൊയ്തീൻകുട്ടിഹാജി : നമ്മുടെ സ്റ്റോറിലെ ചെലവിന്റെ കണക്ക് മന്ത്രി പറയുകയുണ്ടായി. ഇത് ശരിയായ കണക്കല്ലെന്നും ഇന്ന നിയന്ത്രണം വച്ചിരിക്കുന്നതുകൊണ്ട് ബുദ്ധിമുട്ടുണ്ടാവുന്നുണ്ടെന്നും മനസ്സിലാക്കി അയൽ സംസ്ഥാനങ്ങളിൽനിന്നും ധാരാളം ശർക്കര ഇറക്കുമതി ചെയ്ത് ഇവിടെ നൽകാനും നിയന്ത്രണം പിൻവലിക്കാനും ശ്രമിക്കുമോ ?

ശ്രീ. ഇ. പി. പൗലോസ് : ഈ ഗവണ്മെന്റ് ഈ സ്റ്റോറിലേക്കുമാത്രം കൊണ്ടുവന്ന നിയന്ത്രണമല്ല. സൗത്ത് ഇൻഡ്യൻ സ്റ്റോറിലെല്ലാം ഉള്ള നിയന്ത്രണമാണ്.

ശ്രീ. ഇ. പി. ഗോപാലൻ : സാധാരണ ജനങ്ങളും ഉപയോഗിക്കുന്ന താണതരം ശർക്കര ഇന്ന് എന്തിനുവേണ്ടിയാണ് ചെലവഴിക്കുന്നതെന്ന കാര്യം ഗവണ്മെന്റ് ഒന്നു പരിശോധിക്കാൻ തയ്യാറുണ്ടോ ; ഈ ശർക്കര വളരെ നികൃഷ്ടമായ ഏർപ്പാടിനാണ് പോകുന്നതെന്നും, അതുകൊണ്ടാണ് വില വർദ്ധിക്കുന്നതെന്നും സാധാരണ നാട്ടിൻപുറങ്ങളിലുള്ള പീടികകളിൽ മറ്റെല്ലാ ഐറ്റങ്ങളും ചെലവാകുന്നതിനേക്കാൾ അധികം ശർക്കരയാണ് ചെലവാകുന്നതെന്നും മനസ്സിലാക്കികൊണ്ട് ഇങ്ങനെ നികൃഷ്ടമായ രീതിയിൽ ശർക്കര കൊടുക്കുന്നതു തടയാൻ വല്ല നടപടിയും എടുത്താൽ ശർക്കരയുടെ വില നിജപ്പെടുത്താൻകഴിയും. ഇക്കാര്യത്തിൽ വല്ല നിർദ്ദേശവും കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ഇ. പി. പൗലോസ് : നികൃഷ്ടമായ ഈ ഏർപ്പാട് എന്താണെന്ന മനസ്സിലായില്ല. പ്രത്യേകമായി പറഞ്ഞാൽ അതേപ്പറ്റി അന്വേഷിക്കാം.

കുടിയേറ്റക്കാരുടെ കൈവശഭൂമി പതിച്ചുകൊടുക്കുന്ന പദ്ധതി

* 650. [17] ശ്രീ. കെ. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കുടിയേറ്റക്കാരുടെ കൈവശ ഭൂമി പതിച്ചുകൊടുക്കുന്നതിനുള്ള പദ്ധതിയുടെ പ്രവർത്തനം ആരംഭിച്ചോ ;

(ബി) എങ്കിൽ എവിടെയെല്ലാം ;

(സി) ഈ പ്രവർത്തനം എപ്പോഴേക്കു പൂർത്തിയാക്കാമെന്നാണ് ഉദ്ദേശിക്കുന്നത് ?

നിയമവും റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. ടി. എ. തൊമ്മൻ) :

(എ, ബി) ലാൻഡ് അസൈൻമെന്റ് റൂൾ അനുസരിച്ചാണ് എല്ലാ ഡിസ്ട്രിക്റ്റിലും ഭൂമി പതിച്ചുകൊടുക്കാറുള്ളത്. അതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ട്.

(സി) നിലവിലുള്ള ലാൻഡ് അസൈൻമെന്റ് ചട്ടങ്ങളിൽ ചില ഭേദഗതികളും വരുത്തുന്ന കാര്യം ഗവണ്മെന്റിന്റെ പരിഗണനയിലിരിക്കുന്നു. ഭേദഗതികളും വരുത്തികഴിഞ്ഞാൽ ഉദ്ദേശം രണ്ടു വർഷംകൊണ്ട് പദ്ധതി പൂർത്തിയാകുമെന്നു കരുതുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ടി. തോമസ്സ് : ഈ പദ്ധതി എന്നത്തേക്ക് പൂർത്തിയാകുമെന്നും എന്നത്തേക്ക് പ്രവർത്തനത്തിൽ വരുമെന്നും പറയാമോ ?

ശ്രീ. ടി. എ. തോമ്മൻ : ഉടൻ തന്നെ പുതിയ ലാൻറ് അസൈൻമെൻറ് റൂളുകൾ നടപ്പിൽ വരുത്താൻ ഗവണ്മെൻറ് ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. ഒരു മാസത്തിനകം റൂളുകൾ ഫൈനലൈസു ചെയ്യാൻ സാധിക്കുമെന്നു പ്രതീക്ഷിക്കാം.

ശ്രീ. കെ. എം. ജോർജ്ജ് : ഗവണ്മെൻറ് ഭൂമികളിൽ കുടിയേറിപ്പാർക്കുന്നവർക്കു പറയുന്ന കാലാവധിക്കുള്ളിൽ പട്ടയം കൊടുത്തു സ്ഥിരാവകാശം കൊടുക്കാനുള്ള പദ്ധതി ആവിഷ്കരിച്ചു കഴിഞ്ഞോ ; അതു് എത്രയും വേഗം ചെയ്യുന്നതിനു സത്വരനടപടി സ്വീകരിക്കുമോ ?

ശ്രീ. ടി. എ. തോമ്മൻ : താമസിയാതെ ഈ കാര്യങ്ങൾ നടപ്പിൽ വരുത്താൻ ഗവണ്മെൻറ് ശ്രമിക്കുന്നതാണ്.

ശ്രീ. പി. സി. ബാലകൃഷ്ണൻ നമ്പ്യാർ : ഇങ്ങനെ ഭൂമികൾ പതിച്ചു കൊടുക്കുമ്പോൾ വളരെ വർഷങ്ങൾക്കു മുമ്പുതന്നെ കൈവശമുള്ള ഭൂമി ആയതു കൊണ്ടു് എക്സസ് ഭൂമി തിരിച്ചു വാങ്ങുമ്പോൾ അതിനുള്ള സ്ഥലവില കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ?

ശ്രീ. ടി. എ. തോമ്മൻ : റൂൾസ് പബ്ലിഷ് ചെയ്യുമ്പോൾ മാത്രമേ ഇതിനെപ്പറ്റി പറയാൻ സാധിക്കുകയുള്ളൂ.

ശ്രീ. എം. എം. മത്തായി : പത്തും, പതിനഞ്ചും വർഷങ്ങളായി കൈവശം വച്ചുകൊണ്ടിരിക്കുന്ന വനഭൂമികൾ പതിച്ചു കൊടുക്കാമെന്നു് ഈ നിയമസഭയിൽ പറയാൻ തുടങ്ങിയിട്ടു് അഞ്ചോ ആറു വർഷമായി. താൽക്കാലികമായി പട്ടയം കൊടുക്കുമെന്നു് അടുത്തകാലത്തു പ്രഖ്യാപിച്ചിട്ടുണ്ടു്. അതൊന്നും ഇതുവരെ കൊടുത്തിട്ടില്ല. ഇങ്ങനെയുള്ള ഭൂമികൾക്കു് താൽക്കാലിക പട്ടയമെങ്കിലും കൊടുക്കുന്നതിനു് സത്വരനടപടികൾ എടുക്കുമോ ?

ശ്രീ. ടി. എ. തോമ്മൻ : ആ കാര്യവും പുതിയ ചട്ടങ്ങളിൽ വ്യവസ്ഥ ചെയ്യുമ്പോൾ പരിഗണിക്കുന്നതാണ്.

ശ്രീമതി കെ. ആർ. ഗൗരി : ഇന്നു ഭൂമി പതിച്ചുകൊടുക്കുന്നതിനു് ഒരു പുതിയ റൂളുണ്ടു്. ഈ റൂൾസിനെ സംബന്ധിച്ചു് ഫണ്ടമെൻറലായിട്ടുള്ള അഭിപ്രായവ്യത്യാസമുണ്ടെന്നു് കണ്ടുകൊണ്ടാണോ ഗവണ്മെൻറു് പുതിയ റൂൾസ് ഉണ്ടാക്കാൻ പോകുന്നതു്? ഇല്ലെന്നുണ്ടെങ്കിൽ എന്തെങ്കിലും പ്രത്യേകമായ ഭേദഗതി വരുത്തി റൂൾസ് നടപ്പിലാക്കാൻ സാധിക്കുകയില്ലേ ?

ശ്രീ. ടി. എ. തോമ്മൻ : ഇപ്പോൾ തിരുവിതാംകൂർ—കൊച്ചി ലാൻറ് അസൈൻമെൻറ് ആക്ടനുസരിച്ചു് തിരുവിതാംകൂർ—കൊച്ചി പ്രദേശത്തു പ്രത്യേകം റൂളും, മദ്രാസ് പ്രദേശത്തേക്കു് വേറെ റൂളുമുണ്ടു്. ഇങ്ങനെ രണ്ടു പ്രദേശത്തേക്കും ഭിന്നമായ റൂളുകളാണുള്ളതു്. അടുത്തകാലത്തു കേരള ലാൻറ് അസൈൻമെൻറ് ആക്ടു് പാസ്സാക്കി അതു് കേരളമൊട്ടാകെ ബാധകമാക്കിയിരുന്നു. അതുകൊണ്ടു് മലബാർ ഏരിയായിലേക്കും, തിരുവിതാംകൂർ—കൊച്ചി ഏരിയായിലേക്കും, പുതിയ ആക്ടനുസരിച്ചു് ചട്ടങ്ങൾ ഏകീകരിക്കാൻ വേണ്ടിയിട്ടാണു് പ്രധാനമായും പുതിയ ലാൻറ് അസൈൻമെൻറ് റൂൾസ് ഉണ്ടാക്കുന്നതു്.

ശ്രീ. ടി. കെ. രാമകൃഷ്ണൻ : ചില സ്ഥലത്തിൽ ഭൂമി പതിച്ചുകൊടുക്കുന്നതൊക്കെത്തന്നെ സ്റ്റേ ചെയ്തിട്ടുണ്ടു് ഉദാഹരണത്തിനു് തൃക്കാക്കര നോർത്തു് സൗത്തു് വില്ലേജുകളിൽ. ഈ സ്റ്റേ പിൻവലിക്കുന്നതിനു് നടപടി എടുക്കുമോ ?

ശ്രീ. ടി. എ. തോമ്മൻ : പതിച്ചുകൊടുക്കാൻ നേരത്തെ ഉത്തരവുണ്ടായ ഭൂമികളിൽ അതിൻറെ നടപടി നിറുത്തിവച്ചിട്ടില്ല. നേരേമറിച്ചു് ലാൻറ് വാല്യു തിട്ടപ്പെടുത്താത്ത ഭൂമികളെ സംബന്ധിച്ചുള്ള പതിവുത്തരവു് നിറുത്തിവച്ചിരിക്കുകയാണു്. ഉടൻതന്നെ ചട്ടങ്ങൾ പ്രാബല്യത്തിൽ വരുത്താൻ ഗവണ്മെൻറു് ശ്രമിക്കുന്നതാണു്.

LIBRARY ARCHIVES Kerala Legislative Assembly